92

കേരളത്തിന്റെ ഊർജ പ്രതിസന്ധിയും കായംകുളം താപനിലയവും



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധിയും കായംകുളം താപനിലയവും O പ്രസിദ്ധീകരണം, വിതരണം: കേരളശാസ്ത്രസാഹിത്യ പരിഷത്ത്, കോഴിക്കോട് 673002 O അച്ചടി : സ്വരാജ് പ്രസ് ആൻഡ് പബ്ലിക്കേഷൻസ്, തിരുവനന്തപുരം 39 O ഒന്നാം പതിപ്പ് : 1992 ഡിസംബർ O വില 2 രൂപ

KSSP 0618 IIE December 92 D 1/8 5K 0200 LL 14/92

കേരളം അതീവ ഗുരുതരമായ ഊർജപ്രതിസന്ധി അഭിമുഖീകരിക്കുന്ന ഒരു സംസ്ഥാനമാണ്. ഈ സ്ഥിതി ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. കഴിഞ്ഞ ഒരു പതിററാണ്ടു കാലമായി പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഇവിടെ ആവർത്തിക്കപ്പെടുന്ന ഒരു വാർഷിക സംഭവമായിത്തീർന്നിരിക്കുന്നു. ഓരോ വർഷം കഴിയുംതോറും അടിച്ചേൽപ്പിക്കപ്പെടുന്ന പവർകട്ടിൻെറ ദൈർഘ്യം വർധിച്ചുകൊണ്ടിരിക്കുന്നു. ആസന്നഭാവിയിലൊന്നും ഈ ദുരവസ്ഥയിൽ നിന്നു കരകയറാനുള്ള സാധ്യതകൾ നമ്മുടെ മുന്നിൽ തെളിയുന്നില്ല. ഇരുട്ടിൽ നിന്നും കൂരിരുട്ടിലേക്ക്. അതാണ് നാളുകൾ കഴിയുംതോറും വൈദ്യുതി രംഗത്തെ കേരളത്തിലെ സ്ഥിതി.

ഈ പ്രതിസന്ധിക്കു കാരണമെന്താണ്? വളരെ ലളിതമാണത്. വർധിച്ചുവരുന്ന ഊർജാവശ്യത്തിന്—ഡിമാൻറ്—അനുസൃതമായി വൈദ്യുതി ലഭ്യമാക്കാൻ വിദ്യുച്ഛക്തി ബോർഡിനു കഴിയുന്നില്ല. ഡിമാൻറും ലഭ്യതയും തമ്മിലുള്ള വിടവ് വർഷംതോറും കൂടിക്കൊണ്ടിരിക്കുന്നു. ഈ വിടവ് കേരളത്തിൻെറ വികസനത്തിന് മുഖ്യ പ്രതിബന്ധമായും തീർന്നിരിക്കുന്നു.

കേരളത്തിൻെറ ഊർജ പ്രതിസന്ധി

കേരളത്തിൻെറ ശരാശരി ഊർജ ഉപഭോഗം ഇന്ത്യൻ ശരാശരിയേക്കാൾ വളരെ താഴെയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽത്തന്നെ ഏററവും പിന്നിലാണ് കേരളം. 1988 ലെ കണക്കനുസരിച്ച് കേരളത്തിലെ ശരാശരി ഉപഭോഗം 136 യൂണിററ് മാത്രമായിരുന്നു. ഇന്ത്യൻ ശരാശരി 198 യൂണിററും അയൽ സംസ്ഥാനമായ തമിഴ് നാട്ടിൽ ശരാശരി ഉപഭോഗം 225 യൂണിററും ആയിരുന്നപ്പോഴാണ് ഇത്.

ഇത്രയും താണ ഉപഭോഗ നിരക്കിൽ നമ്മുടെ സംസ്ഥാനത്തിൻെറ വൈദ്യുതി ഡിമാൻറിൻെറ മതിപ്പു കണക്ക് പട്ടിക-1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക—1

കേരളത്തിൻെറ വൈദ്യുതി ഡിമാൻറ്

വർഷം	ശക്തി ഡിമാൻറ് മെഗാവാട്ട്	ഊർജ ഡിമാൻറ് കോടി യൂണിററ്
1985–86	1266	643
1990–91	1801	947
1995–96	2882	1508
1999–2000	4198	2218

1990-ലെ കണക്കനുസരിച്ച് അടിച്ചേൽപ്പിക്കപ്പെട്ട യാതൊരു നിയന്ത്രണവുമില്ലാതിരുന്നെങ്കിൽ ഇവിടെ ആവശ്യമായിരുന്ന ഊർജം ഏകദേശം 700 കോടി യൂണിററായിരുന്നു. അക്കൊല്ലം നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിച്ചത് 507 കോടി യൂണിററു മാത്രമാണ്. വാർഷിക ആഭ്യന്തര കമ്മി ഏകദേശം 200 കോടി യൂണിററ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്ത 116 കോടി യൂണിററു കൊണ്ട് ആ കമ്മി നികത്താനായില്ല. അക്കൊല്ലത്തെ 80—85 കോടി യൂണിററിൻെറ കമ്മി ഉപഭോക്താക്കളുടെ എണ്ണം വർധിക്കുന്നതിനോടൊപ്പം തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ വർധിക്കുമെന്നതിൽ സംശയമില്ല.

ജലവൈദ്യുതിയെ മാത്രം ആശ്രയിക്കുന്ന കേരളത്തിലെ പ്രതിഷ്ഠാപിതശേഷി, നിയന്ത്രണങ്ങൾക്കു വിധേയമായുള്ള മാക്സിമം ഡിമാൻറ്, ഉല്പാദിപ്പിച്ച യൂണിററുകൾ, ഉപഭോക്താക്കളുടെ എണ്ണം എന്നിവ സൂചിപ്പിക്കുന്ന പട്ടിക-2 നമ്മുടെ വൈദ്യുതി ദാരിദ്ര്യത്തിൻെറ ദയനീയത കൂടുതൽ വ്യക്തമാക്കും.

ഒരു ദശവർഷം കൊണ്ട് ഉപഭോക്താക്കളുടെ എണ്ണം ഏകദേശം രണ്ടര ഇരട്ടിയിലേറെയും മാക്സിമം ഡിമാൻറ് ഇരട്ടിയോളവും വർധിച്ചപ്പോഴും സംസ്ഥാനത്തിൽ പ്രതിഷ്ഠാപിത ശേഷിയിലുണ്ടായ വർധനവ് ഏകദേശം 40 ശത

പട്ടിക-2

വിവരം	1978-79	1984-85	1985-86	1988-89
പ്രതിഷ്ഠാപിത ശേഷി. മെ. വാ.	1011.50	1011.50	1271.80	1476.5
മാക്സിമം ഡിമാൻറ് മെ. വാ	620	911	1001.80	1184.8
ഉല്പാദിപ്പിച്ച യൂണിററുകൾ (കോടി)	519	488.4	536.7	454.8
ഉപഭോക്താക്കൾ (ലക്ഷം)	11.66	22.17	23.91	29.33

മാനം മാത്രമാണ്. ഉല്പാദിപ്പിച്ച യൂണിററാകട്ടെ വർധിച്ചില്ലെന്നു മാത്രമല്ല, കുറയുകയും ചെയ്തു! 1986–87 നു ശേഷം നമ്മുടെ പ്രതിഷ്ഠാപിതശേഷി ഒരു മെഗാവാട്ടു പോലും വർധിച്ചിട്ടില്ല. കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധിയുടെ ആഴം ഇതിൽ നിന്നും വ്യക്തമാകുമല്ലോ.

ആരാണ് ഈ പ്രതിസന്ധിക്കു ഉത്തരവാദികൾ സംശയമൊന്നും വേണ്ട. നമ്മുടെ ഭരണാധികാരികളും ഉദ്യോഗസ്ഥന്മാരും തന്നെ. നാലു പതിററാണ്ടായി കേന്ദ്രഗവൺമെൻറ് അനുവർത്തിച്ചുപോരുന്ന അശാസ്ത്രീയവും ജനവിരുദ്ധവുമായ സാമ്പത്തികാസൂത്രണ നയങ്ങളുടെ വികലസൃഷ്ടിയാണ് ഈ സ്ഥിതി. മററു മേഖലകളിലെന്നപോലെ, വൈദ്യുതിയുടെ കാര്യത്തിലും ഭൗതിക ലക്ഷ്യ

ങ്ങൾ നേടുന്നതിൽ നമ്മുടെ പഞ്ചവത്സര പദ്ധതികൾ പരാജയപ്പെട്ടു. രാഷ്ട്ര വികസനത്തിന് അനിവാര്യമായ വൈദ്യുതിക്കു വേണ്ടി ആവശ്യമായ പണം നീക്കിവെക്കാൻ കഴിയാതിരുന്നതിനാൽ ഡിമാൻറിൻെറ വളർച്ചയ്ക്കൊപ്പം വൈദ്യുതി ലഭ്യമാക്കാനും കഴിയാതെ പോയി. മററു സംസ്ഥാനങ്ങളിലുണ്ടായ പുരോഗതിപോലും, എന്നും അവഗണിക്കപ്പെട്ടു കിടന്ന കേരളത്തിനു കൈവരിക്കാനായില്ല. വൈദ്യുത പ്രതിസന്ധിയുടെ അടിസ്ഥാന കാരണമായ ഈ ദീർഘകാല പ്രശ്നത്തിൻെറ തീവ്രത വർധിപ്പിക്കുന്ന സ്വഭാവത്തിലുള്ളതായിരുന്നു വൈദ്യുതി ഉല്പാദനത്തെ സംബന്ധിച്ച കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിൻെറ കാഴ്ചപ്പാട്, കേരളം ജലവിഭവത്തിൻെറ കാര്യത്തിൽ സമ്പന്നമാണെന്നും, ജലവൈദ്യുതിയെ ആശ്രയിച്ചു കൊണ്ടു മാത്രം സംസ്ഥാനത്തിൻെറ വൈദ്യുതാവശ്യകത നിറവേററാമെന്നും ബോർഡ് അധികൃതർ കരുതി. കേരളത്തിലെ ജലസമ്പത്തിൻെറ അവസാനതുള്ളിവരെ ചൂഷണം ചെയ്താൽ കിട്ടാവുന്നതും നിർമ്മാണം ആരംഭിച്ചുകഴിഞ്ഞതും അവശേഷിക്കുന്നതുമായ എല്ലാ ജല വൈദ്യുത സാധ്യതകളുമുൾപ്പെട്ട, 2285 MW ജല വൈദ്യുതിയും ഉൽപ്പാദിപ്പിച്ചതിനുശേഷമേ മററ് ഊർജസ്രോതസ്സുകളെപ്പററി ആലോചിക്കേണ്ടതുള്ളു എന്നും അവർ ധരിച്ചു. ബോർഡ് വക്താക്കൾ തങ്ങളുടെ വികലമായ നയങ്ങളെ ശക്തമായി ന്യായീകരിക്കുന്നതോടൊപ്പം, പ്രശ്നത്തിൻെറ ശാസ്ത്രീയവശങ്ങളെക്കുറിച്ച് ഗൗരവപൂർവം പഠിച്ച് അഭിപ്രായപ്രകടനം നടത്തിയ കേരള ശാസ്ത്രസാഹിത്യ പരിഷത്തിനെ ആക്ഷേപിക്കുകയും ചെയ്തു.

കേരളം നേരിടാൻ പോകുന്ന വൈദ്യുതി പ്രതിസന്ധിയെക്കുറിച്ച് ആദ്യമായി മുന്നറിയിപ്പുനൽകിയത് ശാസ്ത്രസാഹിത്യ പരിഷത്താണ്. എഴുപതുകളുടെ മധ്യത്തിലായിരുന്നു അത്. വൈദ്യുതിയുടെ കാര്യത്തിൽ കേരളം ഒരു മിച്ച സംസ്ഥാനമാണെന്നും അയൽ സംസ്ഥാനങ്ങളിലേക്കു

പോലും വിദ്യുച്ഛക്തി കയററുമതി ചെയ്യാൻ മാത്രം സമ്പന്നമാണ് കേരളമെന്നും നമ്മുടെ ഭരണാധികാരികഠം ഊററം കൊണ്ടിരുന്ന നാളുകളായിരുന്നു അവ. കേരളത്തിന്റെ വർധിച്ചുവരുന്ന ഊർജാവശ്യങ്ങളെക്കുറിച്ച് യാഥാർഥ്യപൂർണമായ ദീർഘവീക്ഷണം കാട്ടാതെയും അപേക്ഷകഠം കൊടുത്ത് വർഷങ്ങളായി കാത്തിരിക്കുന്ന ഭാവി ഉപഭോക്താക്കഠംക്കു വൈദ്യുതി എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ പ്രേഷണ–വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിനുള്ള നടപടികഠം സ്വീകരിക്കാതെയും ആയിരുന്നു ഈ ഊററം കൊള്ളൽ. കേരളത്തിൽ അനുഭവപ്പെട്ടിരുന്ന 'മിച്ചം' യഥാർഥത്തിൽ മിച്ചമല്ലെന്നും മിച്ചാഭാസമാണെന്നും പരിഷത്ത് ചൂണ്ടിക്കാട്ടി. ലഭ്യമായ എല്ലാ സ്ഥിതി വിവരക്കണക്കുകളെയും ശാസ്ത്രീയമായി വിശകലനം ചെയ്തുകൊണ്ട്, അടുത്ത പതിനഞ്ചു വർഷക്കാലത്തേക്കുള്ള കേരളത്തിലെ സാമ്പത്തിക പുരോഗതിയും വിദ്യുച്ഛക്തി ഡിമാൻറും കണക്കാക്കിക്കൊണ്ട്, 1975 ഏപ്രിൽ 20 ന് കേരള സ്റ്റേററ് ഇലക്ട്രിസിററി ബോർഡ് വർക്കേഴ്സ് അസ്സോസിയേഷന്റെ പത്താം സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിൽ ഡോ. എം. പി. പരമേശ്വരൻ എഴുതി.

"ഈ നൂററാണ്ടിന്റെ അവസാനത്തോടുകൂടി മുഴുവൻ ജല വിഭവങ്ങളും ചൂഷണം ചെയ്താൽ പോലും ആവശ്യത്തിന്റെ മൂന്നിലൊന്നു വരില്ലെന്നർഥം. ജല വൈദ്യുതിയെ മാത്രം ആശ്രയിച്ചു ഒരു രാജ്യത്തിനും വികസിക്കാൻ പററില്ല. കേരളത്തിനും പററില്ല. അതിനാൽ ജലവൈദ്യുതി എന്നെന്നേക്കും മതിയാകുമോ എന്നതല്ല പ്രശ്നം. എന്നേക്കു മററ് ഉറവിടങ്ങഠം അടിയന്തിരമായും ചൂഷണം ചെയ്യേണ്ട ഘട്ടം വരും എന്നു കണക്കാക്കി അതനുസരിച്ച് പ്രവർത്തനങ്ങഠം ആസൂത്രണം ചെയ്യുകയാണു വേണ്ടത്. കേരളത്തിൽ താപ വൈദ്യുതി നിലയങ്ങഠം പരിഗണിക്കുന്ന പ്രശ്നമേ ഇല്ല എന്നു ലോകനാഥൻ പറഞ്ഞപ്പോഠം ഉടനടി ആവശ്യമില്ലാ എന്നേ അദ്ദേഹം കരുതിക്കാണൂ.

കേരളത്തിലെ ജലവൈദ്യുത വിഭവങ്ങളുടെ ചൂഷണത്തിന് ഷെഡ്യൂറം പരികൽപ്പിക്കുകയാണെങ്കിൽ അതും ഡിമാൻറും തട്ടിച്ചുനോക്കിയാൽ എന്നേക്ക് നാം അസൂയാവഹമായ 'മിച്ച'ത്തിൽ നിന്നു അഭിശപ്തമായ കമ്മിയിലേക്കു കടക്കുമെന്നു കണക്കാക്കാം. അതനുസരിച്ചു പോംവഴികളും ആസൂത്രണം ചെയ്യാം. ഇതേവരെ തീർന്നതും പണി നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികറം (ഇടുക്കിയടക്കം) 1979 വരേയ്ക്കു മാത്രമേ മതിയാകൂ. പിന്നീട് ഏററവും കുറഞ്ഞ സമയത്തിൽ ചെയ്യാവുന്നത്, ഒരു പക്ഷേ ഇടുക്കി മൂന്നാംഘട്ടവും ശബരിഗിരി ആഗ്മെൻേറഷനുമായിരിക്കാം. അതു ചെയ്താൽ കൂടിയും 1981 ആകുമ്പോഴേക്കും കേരളത്തിൽ വിദ്യുച്ഛക്തി കമ്മിയായി തീരുമെന്നു കാണുന്നു.''

അണുവിട പിഴക്കാത്ത ഒരു ശാസ്ത്രീയ പ്രവചനമായിരുന്നു അന്ന്, 1975 ൽ, പരിഷത്ത് നടത്തിയത്. 'മിച്ച'ത്തെക്കുറിച്ച് അഭിമാനിച്ചിരുന്ന സംസ്ഥാനത്ത് 1981-82 മുതൽ വൈദ്യുതി ദാരിദ്ര്യം അനുഭവപ്പെട്ടുതുടുങ്ങി. പവർകട്ടിനും ലോഡ് ഷെഡ്ഡിംഗിനും ഇരയായ ജനങ്ങളുടെ ജീവിത സാഹചര്യങ്ങറം ദുസ്സഹമായി: വികസനം വഴിമുട്ടി നിൽക്കുകയും ചെയ്തു. അഭിശപ്തമായ കമ്മിയെക്കുറിച്ചു മുന്നറിയിപ്പു നൽകിയ പരിഷത്തിന് അതിൽ നിന്നു കരകയറാനുള്ള പോംവഴികളും നിർദ്ദേശിക്കാനുണ്ടായിരുന്നു. നിർമ്മാണത്തിൻെറ വിവിധ ഘട്ടങ്ങളിലുള്ള ജലവൈദ്യുത പദ്ധതികളെ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുതിനു പുറമേ കേരളത്തിൽ 1000 മെഗാവാട്ടു ശേഷിയുള്ള ഒരു സൂപ്പർ തെർമൽ സ്റേറഷൻ സ്ഥാപിക്കുക എന്നതായിരുന്നു നിർദേശങ്ങളിൽ ഏററവും പ്രധാനപ്പെട്ടത്. 'കേരളത്തിൽ താപ വൈദ്യുതി നിലയങ്ങറം പരിഗണിക്കുന്ന പ്രശ്നമേ ഇല്ലെ'ന്ന് നമ്മുടെ ആസൂത്രണ വിദഗ്ധർ ആവർത്തിച്ചു പ്രഖ്യാപിച്ചിരുന്ന ഒരു സന്ദർഭത്തിലാണ് ഇത്തരം ഒരു മൗലിക നിർദ്ദേശവുമായി പരിഷത്ത് മുന്നോട്ടുവന്നതെന്നു നാം ഓർക്കണം.

ആസൂത്രണത്തെ ഒരു മുച്ചീട്ടുകളിയോ ഭാഗ്യക്കുറിയോ ആയി മാത്രം കണ്ടിരുന്ന, അതൊരു ശാസ്ത്രമാണെന്ന സത്യം പോലും മനസ്സിലാക്കുന്നതിനുള്ള സാമാന്യബുദ്ധി പ്രകടിപ്പിക്കാത്ത വൈദ്യുതിബോർഡിലെ ആസൂത്രകരും ഭരണാധികാരികളും കേരളം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചു പരിഷത്ത് നൽകിയ മുന്നയറിപ്പു ചെവിക്കൊണ്ടില്ല. സൈലൻറ്വാലി വിവാദത്തിൽ ശ്രദ്ധയൂന്നിക്കൊണ്ട്, ശാസത്ര സാഹിത്യ പരിഷത്തും പരിസ്ഥിതിവാദികളും കേരളത്തിൻെറ വൈദ്യുതിവികസനത്തിന് എതിരാണെന്ന കള്ളപ്രചാരണം നടത്താനാണ് അവരൊക്കെ ശ്രമിച്ചത്. സ്വന്തം നാടിനോടും ജനതയോടും കാട്ടുന്ന ദ്രോഹത്തെക്കുറിച്ചോർത്ത് അവരുടെ ആരുടെയും മനസ്സാക്ഷി വേദനിച്ചുമില്ല. ജലവൈദ്യുതി മാത്രമാണ് കേരളത്തിൻെറ പ്രശ്നങ്ങൾക്കു പരിഹാരമെന്നു വിശ്വസിച്ചിരുന്നവർ, യുദ്ധകാലാടിസ്ഥാനത്തിൽ, ഏറെറടുത്ത പദ്ധതികൾ പൂർത്തിയാക്കണമെന്ന പരിഷത്തിൻെറ നിർദ്ദേശം പോലും നടപ്പിലാക്കാൻ ശ്രദ്ധിച്ചില്ല. രാമേശ്വരത്തെ ക്ഷൗരം പോലെ ഏറെറടുത്ത പണികൾ പതിററാണ്ടു കഴിഞ്ഞിട്ടും പൂർത്തിയാക്കപ്പെടാത്ത പരിതാപകരമായ അവസ്ഥ തുടരുകയും ചെയ്തു. വർഷങ്ങൾക്കു മുൻപ് പണി ആരംഭിച്ചതും 1990 നു മുൻപ് പൂർത്തിയാകേണ്ടിയിരുന്നതുമായ പതിനഞ്ചോളം ചെറുകിട, വൻകിട ജലവൈദ്യുത പദ്ധതികളുടെ സ്ഥിതിയെക്കുറിച്ച് ഒരക്ഷരം മിണ്ടാതെ തന്നെ, സൈലൻറ്വാലി നഷ്ടപ്പെട്ടതാണ് പ്രശ്നങ്ങൾക്കെല്ലാം കാരണമെന്ന അശാസ്ത്രീയവും അടിസ്ഥാനരഹിതവുമായ പ്രചാരണം നടത്താനാണ് ഈ ദുരവസ്ഥയുടെ സ്രഷ്ടാക്കൾ ശ്രമിച്ചത്.

സൈലൻറ്വാലി പദ്ധതിക്കു പകരമായി കേന്ദ്രഗവൺമെൻറ് വാഗ്ദാനം ചെയ്ത താപനിലയം കേരളത്തിനാവശ്യമില്ലെന്ന നിലപാടാണ് വിദ്യുച്ഛക്തി ബോർഡ് തുടക്കത്തിൽ സ്വീകരിച്ചത്. നിർമ്മാണത്തിലിരുന്ന

ജലവൈദ്യുതപദ്ധതികളൊന്നും നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ കഴിയാതെ പോയതും 1982 മുതൽ തുടർച്ചയായുണ്ടായ കാലവർഷപ്പിഴവും അവസാനം ബോർഡ് അധികൃതരുടെ കണ്ണുതുറപ്പിച്ചു. വർഷങ്ങൾക്കു മുമ്പ് ശാസ്ത്രസാഹിത്യപരിഷത്ത് നിർദേശിച്ചതുപോലെ, ഒരു സൂപ്പർതെർമൽ സ്റ്റേഷനു മാത്രമേ, കേരളത്തിൻെറ ഗുരുതരമായ ഊർജ പ്രതിസന്ധിക്ക് അടിയന്തിര പരിഹാരമാകാൻ കഴിയൂ എന്ന ബുദ്ധി വളരെ വൈകി ബന്ധപ്പെട്ട അധികാരികളുടെ തലയിലുദിച്ചു. ഒരു സൂപ്പർതെർമൽ സ്റ്റേഷനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുന്നതിനുമുള്ള ശ്രമങ്ങളാരംഭിച്ചത് ഈ പശ്ചാത്തലത്തിലാണ്.

കായംകുളം തെർമൽ പവർസ്റ്റേഷൻ

സംസ്ഥാനം അഭിമുഖികരിക്കുന്ന അപകടകരമായ ഊർജ പ്രതിസന്ധി കണക്കിലെടുത്ത് അടിയന്തിരമായി ഒരു സൂപ്പർതെർമൽ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള തീവ്രശ്രമം ആരംഭിച്ചത് 1937 നു ശേഷമാണ്. സംസ്ഥാനഗവൺമെൻറ് മുൻകൈ എടുത്ത് കേന്ദ്ര ഇലക്ട്രിസിററി അതോറിററിയുടെ സബ് ഗ്രൂപ്പിനെക്കൊണ്ടു ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിച്ചു. തെർമൽ സ്റ്റേഷൻ സ്ഥാപിക്കുന്ന സ്ഥലത്തിനു വേണ്ടി കേരളത്തിൽ അന്വേഷണം നടത്തിയ വിദഗ്ധ സംഘം, കായംകുളമാണ് ഏററവു അനുയോജ്യമെന്ന നിഗമനത്തിലെത്തിയതിൻെറ അടിസ്ഥാനത്തിലാണ് ഒന്നാം ഘട്ടത്തിൽ 210 മെഗാവാട്ടു വീതം ശക്തിയുള്ള 2 യൂണിററുകൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത്. താപനിലയത്തിനാവശ്യമായ ഭാരിച്ച ചെലവ് വഹിക്കുവാൻ സാമ്പത്തിക പരാധീനത മൂലം കഴിയാത്തതിനാൽ കേന്ദ്രഗവൺമെൻറ് സഹായത്തോടെ പദ്ധതി നടപ്പിലാക്കുവാനാണ് സംസ്ഥാന ഗവൺമെൻറ് നിശ്ചയിച്ചത്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു

കോടി രൂപാ സംസ്ഥാന ഗവൺമെൻറ് വകയിരുത്തുകയും ചെയ്തു.

1988 തുടക്കത്തിൽ കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തിനായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പഠിച്ചതിനുശേഷം ഈ നിലയത്തെ ഏഴാം പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അന്നത്തെ ഊർജ മന്ത്രി വസന്ത്സാഥേ വ്യക്തമാക്കി. (മാതൃഭൂമി. 1988 മാർച്ച് 25.)

കേന്ദ്ര ഇലക്ട്രിസിററി അതോറിററി തയ്യാറാക്കിയ പോജക്ട് റിപ്പോർട് തത്വത്തിൽ അംഗീകരിക്കപ്പെട്ടപ്പോൾ സ്വാഭാവികമായും ഇതിൻെറ പണി ആരു നടത്തും എന്ന പ്രശ്നമുയർന്നു. സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് ഇത്തരം ഒരു വൻകിട താപ വൈദ്യുതപദ്ധതി ഏറെറടുക്കുന്നതിനുള്ള സാങ്കേതിക സംവിധാനമോ വൈദഗ്ധ്യമോ ഉണ്ടായിരുന്നില്ല; ഇപ്പോഴുമില്ല. താപ വൈദ്യുതോല്പാദനരംഗത്തെ പ്രഗത്ഭ സ്ഥാപനമായ നാഷണൽ തെർമൽ പവർ കോർപ്പറേഷൻെറ സഹായം തേടാൻ സംസ്ഥാന ഗവൺമെൻറ് തീരുമാനിച്ചതോടെ കായംകുളം തെർമൽ പവർ സ്റേറഷൻ എന്ന സ്വപ്നം അചിരേണ സാക്ഷാത്കരിക്കപ്പെടും എന്ന് കേരള ജനത കരുതി. എന്നാൽ ഒട്ടനവധി കടമ്പകൾ കടന്നാൽ മാത്രമേ പദ്ധതി നിലവിൽ വരൂ എന്നതായിരുന്നു യഥാർഥ സ്ഥിതി. പ്രോജക്ടിൻെറ വിശദമായ രൂപരേഖയും സാധ്യതാ റിപ്പോർട്ടും 1988 ഡിസംബറിൽ തന്നെ നാഷണൽ തെർമൽ പവർ കോർപ്പറേഷൻ കേന്ദ്ര ഇലക്ട്രിസിററി അതോറിററിക്കു നൽകിയിരുന്നു. അതോറിററിയുടെ അംഗീകാരത്തിനുശേഷം, വൈദ്യുതി വകുപ്പ്, പരിസ്ഥിതി–വനം വകുപ്പുകൾ, പബ്ലിക് ഇൻവെസ്റ്റ്മെൻറ് ബോർഡ് തുടങ്ങിയവയുടെ അനുമതി ലഭിച്ചാൽ മാത്രമേ ഒരു തെർമൽ സ്റ്റേഷൻ നിലവിൽ വരൂ. ഉദ്യോഗസ്ഥപരമായ ഈ അനുമതികളൊക്കെലഭിക്കണമെങ്കിൽ കേന്ദ്ര ഗവൺമെൻറ് പ്രകടമായ താൽപര്യം കാട്ടണം. നിർഭാഗ്യവശാൽ കേരളത്തിലെ ഈ പദ്ധതിയുടെ കാര്യത്തിൽ രാഷ്ട്രീ

യമായ ഇച്ഛാശക്തി കേന്ദ്രം ഒരിക്കലും കാട്ടിയില്ല. എങ്കിൽപ്പോലും, അനുമതികൾ പ്രതീക്ഷിച്ചുകൊണ്ട് പ്രാരംഭ പ്രവർത്തനങ്ങൾക്കായി നാഷണൽ തെർമൽ പവർ കോർപ്പറേഷൻ കേരളത്തിലെത്തി.

നാഷണൽ തെർമൽ പവർ കോർപ്പറേഷൻ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ഏഴുവർഷം കൊണ്ട് ആദ്യഘട്ടവും പന്ത്രണ്ടു വർഷം കൊണ്ട് അവസാനഘട്ടവും പൂർത്തിയാകുന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. ആദ്യഘട്ടം (420 മെഗാവാട്ട് ശേഷി) 585 കോടി രൂപാ മുതൽമുടക്കിൽ 1994-95 ൽ പൂർത്തിയാക്കാനുദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. പദ്ധതിയുടെ അന്ത്യത്തിൽ 2420 മെഗാവാട്ട് ശേഷിയാണ് പ്രതീക്ഷിച്ചിരുന്നത്. തെർമൽപ്ലാൻറിനായി 400 ഏക്കർ, കൽക്കരി അവശിഷ്ടങ്ങൾ നിക്ഷേപിക്കാൻ 1500 ഏക്കർ, ഓഫീസ്-വാസസ്ഥലം എന്നിവയ്ക്ക് 400 ഏക്കർ എന്നിങ്ങനെ 2300 ഏക്കർ സ്ഥലം പദ്ധതിയ്ക്കാവശ്യമായിരുന്നു. പ്ലാൻറിനാവശ്യമായ സ്ഥലം കായംകുളം കായൽഫാം സ്ഥിതി ചെയ്യുന്നിടത്തും, കൽക്കരി അവശിഷ്ടനിക്ഷേപത്തിന് കണ്ടല്ലൂർ, മുതുകുളം, ആറാട്ടുപുഴ പഞ്ചായത്തുകളിൽ കായലിനോടു ചേർന്നു കിടക്കുന്ന പ്രദേശത്തും, താമസസ്ഥലം ചേപ്പാടു പഞ്ചായത്തിലും കണ്ടെത്താമെന്നും വിദഗ്ധസംഘം നിശ്ചയിച്ചു. ഒറീസ്സയിലെ തൽച്ചാർ ഖനികളിൽനിന്നും ആവശ്യമായ കൽക്കരി കടൽമാർഗം എത്തിക്കാമെന്നും നിർദേശിക്കപ്പെട്ടു. ഇതിനാവശ്യമായ തുറമുഖ വികസനത്തിന് സംസ്ഥാന ഗവൺമെൻറ് 95 കോടി രൂപാ അനുവദിക്കുകയും ചെയ്തു.

1988 ഡിസംബറിൽ നാഷണൽ തെർമൽ പവർ കോർപ്പറേഷൻ, വിശദമായ റിപ്പോർട്ട് കേന്ദ്രഗവൺമെൻറിനു സമർപ്പിച്ചു. ഈ റിപ്പോർട്ട് സമർപ്പിക്കപ്പെടുന്നതിനു മുൻപുതന്നെ സോവിയററ് യൂണിയനും ഇന്ത്യയും തമ്മിൽ ഒപ്പു

വെല്പ വൈദ്യുതോല്പാദന രംഗത്തെ സഹകരണത്തിനുള്ള ഒരു കരാറിൽ കായംകുളം താപനിലയം ഉൾപ്പെടുത്തിക്കഴിഞ്ഞിരുന്നു. എട്ടാം പദ്ധതിക്കാലത്തു തന്നെ പൂർത്തിയാക്കാനുദ്ദേശിച്ചുകൊണ്ടുള്ള പ്രോജക്ടിന്റെ മൊത്തം ചെലവിന്റെ പകുതി സോവിയററ് യൂണിയൻ വായ്പയായി നൽകുവാനും ഡിസൈൻ, എൻജിനീയറിംഗ് സാമഗ്രികളുടെ സപ്ലൈയും സ്ഥാപനവും, കമ്മീഷനിംഗ് എന്നിവ ഉൾപ്പെടുന്ന പാക്കേജ് ഏർപ്പാടിന്റെ ഉത്തരവാദിത്തം സോവിയററ് യൂണിയനിൽ നിക്ഷിപ്തമാക്കുവാനുമായിരുന്നു കരാറിൽ വ്യവസ്ഥ ചെയ്തിരുന്നത്. സോവിയററ് സാമ്പത്തിക സഹകരണം വാഗ്ദാനം ചെയ്യപ്പെട്ടുവെങ്കിലും വിവിധ കേന്ദ്രവകുപ്പുകളുടെ അനുമതി ലഭിക്കുന്ന കാര്യത്തിൽ കാലവിളംബമുണ്ടാകുമെന്നും അതിനാൽ പണി നീണ്ടുപോകുമെന്നും അന്നു തന്നെ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. അനുമതികൾ ലഭിക്കാനിരിക്കെ തന്നെ, സോവിയററ് വിദഗ്ധ സംഘം 1989 ജനുവരി ആദ്യത്തിൽ കായംകുളം സന്ദർശിക്കുകയുണ്ടായി. പണി ആരംഭിക്കുന്നതു സംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം അക്കൊല്ലം ഏപ്രിൽ മാസത്തിൽ എൻ. ടി. പി. സി. പുറപ്പെടുവിക്കുകയും കാർത്തികപ്പള്ളിയിൽ ഓഫീസ് ആരംഭിക്കുകയും ചെയ്തതോടെ ദീർഘകാലമായി കാത്തിരുന്ന തെർമൽ സ്റ്റേഷൻ കേരളത്തിൽ നിലവിൽ വരുമെന്ന പ്രതീക്ഷ ഏവരിലും വളർന്നു. 1989 മേയിൽ കൊച്ചി സന്ദർശിച്ച പ്രധാനമന്ത്രി രാജീവ്ഗാന്ധി എട്ടാം പദ്ധതിയിൽത്തന്നെ കായംകുളം താപനിലയം ഉൾപ്പെടുത്തുമെന്ന് വാഗ്ദാനം ചെയ്തപ്പോൾ ആ പ്രതീക്ഷ വർധിക്കുകയും ചെയ്തു. സംസ്ഥാന ഗവൺമെൻറ് അടുത്ത മാസത്തിൽ കായംകുളം ഫാം എൻ. ടി. പി. സി.യ്ക്കു കൈമാറിക്കൊണ്ട് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു. 1994–95 ആകുമ്പോഴേക്ക് ഒന്നാംഘട്ടം പൂർത്തിയാകും വിധം പണികൾ ത്വരിതഗതിയിൽ നീങ്ങുമെന്ന പ്രഖ്യാപനങ്ങൾ കേന്ദ്ര–സംസ്ഥാന ഗവൺമെൻറുകളുടെയും സോവി

യററ് യൂണിയൻ, എൻ. ടി. പി. സി. വക്താക്കളുടെയും ഭാഗത്തുനിന്നും ആവർത്തിച്ചുണ്ടായി.

വികസന പ്രവർത്തനത്തിൽ കേരളത്തിനെന്നും ലഭിച്ചിട്ടുള്ള അവഗണനയുടെ തുടർച്ചയെന്നു പറയട്ടെ, പ്രഖ്യാപനങ്ങൾ ആവർത്തിച്ചുണ്ടായതല്ലാതെ വിവിധ വകുപ്പുകളിൽ നിന്നും കിട്ടേണ്ട അനുമതികളൊന്നും ഈ പദ്ധതിക്കു ലഭിച്ചില്ല. ഇവിടെ കേരള ഗവർമെൻറും വിദ്യുച്ഛക്തി ബോർഡും ഗുരുതരമായ അനാസ്ഥ കാണിച്ചിട്ടുണ്ട്. അവരുടെ പക്കൽ നിന്നുണ്ടായ വീഴ്ചകൾ ഇവയാണ്.

1. പദ്ധതിയുടെ മർമ്മ പ്രധാന്യം മനസിലാക്കി അത് നടപ്പാക്കാൻ വേണ്ട വിധമുള്ള ശക്തമായ ഒരു സംവിധാനം കേരളത്തിൽ അവർ ഉണ്ടാക്കിയില്ല. കേരള തെർമൽ പവർ കോർപറേഷൻ-K. T. P. C—എന്ന ആശയം പരിഷത്ത് മുന്നോട്ടുവച്ചിരുന്നു. അതിനോടു കടുത്ത എതിർപ്പാണ് ബോർഡ് ജീവനക്കാർ കാണിച്ചത്.

2. കൽക്കരി ലഭ്യത, വിവിധങ്ങളായ പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയുടെ പ്രാധാന്യം അവർ ഒട്ടും മനസ്സിലാക്കിയില്ല. ആവശ്യമായ വിവരങ്ങൾ സംഭരിക്കാനും അനുമതികൾ നേടാനും അവർ തുനിഞ്ഞില്ല. പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാരം കാണാനല്ല, മറിച്ച് രാഷ്ട്രീയ പരിഹാരം കാണാനാണ് അവർ ശ്രമിച്ചത്.

3. വിവിധ ഡിപ്പാർട്ടുമെൻറുകൾ ഉന്നയിക്കുന്ന തടസ്സവാദങ്ങൾക്ക് മറുപടി കൊടുക്കാൻ വേണ്ട ശക്തമായ ഒരു ടീം ഉദ്യോഗസ്ഥരെ അവർ ഡൽഹിയിലേക്ക് നിയോഗിക്കുകയുണ്ടായില്ല.

(1989-90 കാലത്ത്, ഈ പദ്ധതി ത്വരിതപ്പെടുത്താനായി ഡൽഹിയിലെ കേന്ദ്ര പവർ സെക്രട്ടേറിയററിലും

N. T. P. C. ഓഫീസിലും കയറിയിറങ്ങിയ ഡോ. എം. പി. പരമേശ്വരൻ ഇങ്ങനെ എഴുതി: "ഈപദ്ധതി നമുക്ക് നഷ്ടമാകുന്നെന്നു തോന്നുന്നു. N. T. P. C. യിൽ നമുക്ക് എതിരായ നീക്കം ഉണ്ട്. കേരളത്തിലെ ഉദ്യോഗസ്ഥന്മാർക്ക് അതിൽ വലിയ താല്പര്യം കാണുന്നില്ല. കേന്ദ്ര പവർ സെക്രട്ടറിയും ഇതേ പരാതി പറയുന്നു. കുറെകൂടി രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിച്ചില്ലെങ്കിൽ പദ്ധതി നഷ്ടപ്പെടും പരിസ്ഥിതി പരമായ തടസ്സ വാദങ്ങൾ അവസാനം രാഷ്ട്രീയ ബലം കൊണ്ട് തട്ടിനീക്കാം എന്ന ധാരണയാണ് ഇപ്പോഴും ബോർഡിനും ഗവർമെൻറിനും ഉള്ളത്. ആ കാലം കഴിഞ്ഞു പോയി...." ഈ ധാരണയോടെ, അന്നത്തെ വിദ്യുച്ഛക്തി മന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിലാകാം കേരള തെർമൽ പവർ കോർപറേഷൻ എന്ന ആശയം അദ്ദേഹം മുന്നോട്ടു വച്ചത്. അതിനദ്ദേഹത്തെ ബോർഡു ജീവനക്കാരും ഗവർമെൻറിലെ സഹപ്രവർത്തകരും നിശിതമായി വിമർശിക്കുകയുണ്ടായി.)

4. പരിസ്ഥിതി ആഘാത പഠനത്തിനായി എത്തിയ വിദഗ്ധരോട് സഹകരിച്ചില്ലെന്നു മാത്രമല്ല, അവരെ അപമാനിച്ച് തിരിച്ചയക്കുകയാണുണ്ടായത്. അവസാനം അവരുടെ ന്യായമായ ഭീതികളേയും അവഗണിച്ചു കൊണ്ട് രാഷ്ട്രീയ തലത്തിൽ മന്ത്രി അനുവാദം നേടുകയാണുണ്ടായത്. ഈ അനുവാദം സാധാരണ ജനങ്ങളെ കബളിപ്പിക്കാനെ ഒക്കൂ. ശീതകജലം എത്ര വേണമെന്നോ, അതിൻെറ താപനില എന്തായിരിക്കണമെന്നോ അസ്തിവാരത്തിൻെറ ആഴം എത്രയായിരിക്കണമെന്നോ ഒക്കെയുള്ള കാര്യങ്ങൾ രാഷ്ട്രീയ പേശീബലത്തിൻെറ അടിസ്ഥാനത്തിൽ തീരുമാനിക്കാവുന്നവയല്ല എന്ന് നമ്മുടെ മന്ത്രിമാർക്കും സഹകാരികൾക്കും അറിയാതെ പോകുന്നത് നിർഭാഗ്യമാണ്.

ഇങ്ങനെ വിവിധങ്ങളായ കാരണങ്ങളാൽ പണി കാര്യമായി പുരോഗമിക്കാത്ത ഒരു ഘട്ടത്തിൽ N. T. P. C. നേരത്തേ നിയോഗിച്ചിരുന്ന എൻജിനീയർമാരേയും സാങ്കേതിക വിദഗ്ദ്ധരേയും മററു പ്രോജക്ടുകളിലേക്ക് തിരിച്ചുവിടാൻ തുടങ്ങി. തുടങ്ങിവച്ച പ്രവർത്തനങ്ങൾ ക്രമേണ നിലച്ചു. അതിനിടക്കാണ് കൂനിന്മേൽ കുരുവെന്നപോലെ സോവിയററ് യൂണിയൻെറ പതനത്തെത്തുടർന്നുള്ള സംഭവവികാസങ്ങളുണ്ടായത്. സോവിയററ് യൂണിയൻ തന്നെ പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ, ഇന്ത്യോ-സോവിയററ് കരാർ അപ്രസക്തമായിത്തീർന്നു, കരാറിൽ ഉൾപ്പെടുത്തിയിരുന്ന മററു പല പദ്ധതികളുടെയും കാര്യത്തിലെന്നപോലെ കായംകുളം താപനിലയത്തിൻെറ കാര്യത്തിലും ആവശ്യമായ സാമ്പത്തിക സമാഹരണം ഒരു വെല്ലുവിളിയായിത്തീർന്നു. മുൻപേ തന്നെ പദ്ധതിക്കാവശ്യമായ അനുമതികൾ നൽകുന്നതിൽ പ്രത്യേകിച്ചു താത്പര്യമൊന്നും കാട്ടാതിരുന്ന കേന്ദ്രവകുപ്പുകൾ, സോവിയററ് യൂണിയനിൽ നിന്നുള്ള സഹായം ലഭിക്കുകയില്ലെന്നുറപ്പായപ്പോൾ കൂടുതൽ ഉദാസീനമോ അവഗണനാപരമോ ആയ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാന വൈദ്യുതിബോർഡും ഒരു നിലക്കു പറഞ്ഞാൽ ആശ്വാസത്തിൻെറതായ നിശ്വാസം പുറപ്പെടുവിക്കുകയാണുണ്ടായത്. ഒരു ഭാരം ഒഴിഞ്ഞ പോലെ.

എട്ടാം പദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തുകയും,1994-95-ഓടു കൂടി ഒന്നാംഘട്ടം പൂർത്തിയാകുമെന്ന പ്രതീക്ഷ പരത്തുകയും ചെയ്ത കായംകുളം താപനിലയത്തിൻെറ ഭാവി ഇന്ന് വളരെയേറെ ആശങ്കയുണർത്തുന്നതാണ്. കേരളത്തിൻെറ ഗുരുതരമായ ഊർജ്ജ പ്രതിസന്ധിക്ക് താത്കാലികമെങ്കിലും അടിയന്തിരമായ പരിഹാരമാകുമെന്നു കരുതിരുന്ന ഈ പദ്ധതി ഉടനെയൊന്നും ആരംഭിക്കാനുള്ള സാധ്യതകളൊന്നും ഇന്നു കാണുന്നില്ല. ഈ സാഹചര്യത്തിൽ കേരളീയരുടെ മുഴുവൻ ശ്രദ്ധ പതിയേണ്ട ഈ പ്രശ്നത്തെ

സംബന്ധിച്ച് ശാസ്ത്രസാഹിത്യ പരിഷത്ത് ആവശ്യപ്പെടുന്നത് താഴെപ്പറയുന്ന കാര്യങ്ങളാണ്.

1 കായംകുളം താപനിലയത്തിന്റെ നിർമാണത്തിന് ആവശ്യമായ എല്ലാ നടപടികളും ഉടനടി ഊർജ്ജിതമായി ആരംഭിക്കണം. മററു നൂലാമാലകളിൽ നിന്നെല്ലാം സ്വതന്ത്രമായി ഇതിൽ മാത്രം കേന്ദ്രീകരിക്കുന്ന ഒരു സംവിധാനം ഇതിനായി സംസ്ഥാനത്തിനകത്ത് ഉണ്ടാക്കിയേ തീരൂ. വിദ്യുച്ഛക്തി ബോർഡിൽ നിന്ന് സ്വതന്ത്രമായി ഒരു കേരള തെർമൽ പവർ കോർപറേഷൻ അടിയന്തിരമായി രൂപീകരിക്കണം. കായംകുളം സ്റ്റേഷന്റെ പൂർണ ഉത്തരവാദിത്തം അതിനെ ഏൽപിക്കാം. ഭാവിയിൽ വരാൻ പോകുന്ന താപനിലയങ്ങളുടേയും. ബോർഡിൽ ഈ മേഖലയിൽ സ്വല്പമെങ്കിലും വൈദഗ്ധ്യം നേടിയവരെ കൂടി കൂട്ടി, ആവശ്യമായ വിദഗ്ദ്ധരെ മററു സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്ന്, ശക്തമായ സാങ്കേതിക അടിത്തറയോടെ ആയിരിക്കണം ഈ കോർപറേഷൻ രൂപീകരിക്കേണ്ടത്.

2 ഈ കേരള തെർമൽ പവർ കോർപറേഷന്റെ-അത് രൂപീകരിക്കുന്നതിനു മുമ്പ് വൈദ്യുതി ബോർഡിന്റെ-പ്രഥമ കർത്തവ്യം ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതികൾ നേടുക എന്നതാണ്. പരിസ്ഥിതി പ്രശ്നങ്ങൾ വളരെ ഗൗരവത്തിലെടുക്കണം എന്നു കരുതുന്ന സംഘടനയാണ് ശാസ്ത്രസാഹിത്യ പരിഷത്ത്. ഇപ്പോൾ അക്വയർ ചെയ്തിരിക്കുന്ന പ്രദേശത്തിനകത്ത് താപനിലയത്തിന്റെ സ്ഥാനത്തിൽ സ്വല്പം മാററം വരുത്തുക, ചാരനിക്ഷേപ സംവിധാനത്തിൽ അവശ്യം വേണ്ട മാററങ്ങൾ വരുത്തുക, കായൽ കുഴിക്കുന്നത് ആവശ്യത്തിന്റെ അടിസ്ഥാനത്തിലാക്കുക, എത്രയും വേഗത്തിൽ ചാരത്തെ മുഴുവൻ തന്നെയും—ഭാഗികമായല്ല—ഇഷ്ടികകളാക്കാനുള്ള പദ്ധതിക്കു രൂപം നൽകുക മുതലായ വിദഗ്ദ്ധ നിർദ്ദേശങ്ങൾ ഗൗരവപൂർവം കണക്കിലെടുക്കണം.

എന്ന് പരിഷത്ത് ആവശ്യപ്പെടുന്നു. വളരെ നിസ്സാരമായ അധികച്ചെലവേ ഇതു കൊണ്ടുണ്ടാകൂ.

3 ഇന്നോളം കേരളത്തിന്റെ വൈദ്യുതി വികസന കാര്യത്തിൽ കേന്ദ്രഗവൺമെന്റ് വേണ്ടത്ര പരിഗണന നൽകിയിട്ടില്ല. ഈ അവസ്ഥ മാററുന്നതിൽ കേരളഗവൺമെന്റ്, അതിന്റെ രാഷ്ട്രീയ നേതൃത്വം, മുൻകൈ എടുക്കണം. ഇതിൽ ആദ്യമായുള്ളത് കേന്ദ്രത്തിന്റെ പുത്തൻ നയത്തെ–വൈദ്യുതി രംഗം സ്വകാര്യമേഖലക്കു കൈമാറുക എന്നത്–കേരളത്തിന്റെ മേൽ അടിച്ചേൽപിക്കാതിരിക്കുക എന്നതാണ്. സാധാരണ കരുതുന്നതിൽ നിന്നു വ്യത്യസ്തമായി, ഇറക്കുമതി ചെയ്ത യന്ത്രങ്ങൾ ഉപയോഗിച്ച് സ്വകാര്യമേഖല സ്ഥാപിക്കുന്ന വൈദ്യുതി നിലയങ്ങളുടെ നിർമ്മാണച്ചെലവ് ഇന്ത്യൻ നിലയങ്ങളുടേതിന്റെ ഇരട്ടിയിലധികം വരും. താപനിലയത്തിന് വേണ്ട എല്ലാ ഭാഗങ്ങളും ഇന്നു നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളിലും ചുരുക്കം ചില ദേശീയ സ്ഥാപനങ്ങളിലും ഉണ്ടാക്കാൻ കഴിയും. ആസിയ ബ്രൌൺ ബോവറി, സീമെൻസ്, ബി. പി. എൽ. തുടങ്ങിയ സ്ഥാപനങ്ങൾക്ക് നമ്മുടെ വൈദ്യുതി മേഖലയെ അടിയറവെക്കാനാവില്ല.

4 കായംകുളം തെർമൽസ്റ്റേഷനും വരാനിരിക്കുന്ന തൃക്കരിപ്പൂർ മുതലായ പവ്വർസ്റ്റേഷനുകളും, K·T·P·C–N· T· P·C സംയുക്ത സംരംഭങ്ങൾ ആകണം. K· T· P· C ക്ക് ആവശ്യമായ മൂലധനം കേരളത്തിനകത്തുനിന്നു തന്നെ സമാഹരിക്കാൻ കഴിയും–കഴിവുററ ഒരു നേതൃത്വം അതിനുണ്ടെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ സാധിച്ചാൽ. ബോയലർ ടർബൈൻ, ജനറേറർ, നിയന്ത്രണ സംവിധാനം. എല്ലാം B· H· E· L· ന് ഉണ്ട്. സ്വിച്ച്ഗിയർ T· E· L· C നുമുണ്ട്. ഈ രണ്ടു സ്ഥാപനങ്ങളെ കൂടി ഇതിൽ പങ്കാളികളാക്കാം. ഈ സ്ഥാപനങ്ങൾ 100 ശതമാനത്തിൽ കവിഞ്ഞ ശേഷിയിൽ പ്രവർത്തിക്കുകയെന്നത് ഒരു ദേശീയ ആവശ്യം കൂടിയാണ്.

5 1994-95 ൽ ഒന്നാം ഘട്ടം പൂർത്തിയാക്കുക എന്നത് ഇനി സാധ്യമല്ല. എന്നാൽ 1997 ലെങ്കിലും അത് സാധ്യമാക്കണം. ഇപ്പോഴേ തന്നെ ആരംഭിച്ചാലെ അത് സാധ്യമാകൂ. അതിനായി ഒരു കലണ്ടർ പരിഷത്ത് നിർദ്ദേശിക്കുന്നു.

* കേരള തെർമൽ പവർകോർപറേഷൻ തീരുമാനം-ജനുവരി 1993

* കൺസോർഷിയം ചർച്ച- K. T. P. C, N. T. P. C. B. H. E. L, T. E. L. C, കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ-ഫെബ്രുവരി 1993

* പുതുക്കിയ പദ്ധതി നിർദ്ദേശം-പരിസ്ഥിതി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്- മാർച്ച്, ഏപ്രിൽ-1993

* K. T. P. C. വിഭവസമാഹരണം- മാർച്ച്-ഏപ്രിൽ-1993

* നിർമ്മാണ പ്രവർത്തനം-ആരംഭം—മെയ് 1—1993

* ആദ്യത്തെയൂണിററ് പ്രവർത്തനം ആരംഭം-ആഗസ്ററ് 15, 1997

അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്തിൻെറ ഊർജ മേഖലയെ രക്ഷിക്കുന്നതിന്, അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളിൽ പ്രമുഖം കായംകുളം തെർമൽ പവ്വർ സ്റേറഷൻെറ പൂർത്തീകരണമാണ്. കേരളത്തിലെ ജനങ്ങളൊററക്കെട്ടായി ആവശ്യപ്പെട്ടാൽ മാത്രമേ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾക്ക് ഇക്കാര്യത്തിലുള്ള അലംഭാവം മാററിയെടുക്കാൻ കഴിയൂ. അതിനാവശ്യമായ ജനകീയ പ്രക്ഷോഭണങ്ങൾക്കു സമയമായിരിക്കുന്നുവെന്ന് പരിഷത്ത് കരുതുന്നു.